**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**2020 ഫെബ്രുവരി 4, ചൊവ്വ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**മെഡിസെപ് പദ്ധതി**

| ചോദ്യം : 375 | മറുപടി : |
|---|---|
| ശ്രീ.എൽദോ എബ്രഹാം | ഡോ. ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കേണ്ട ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്-ന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അധ്യാപകർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ റീ ടെൻഡറിനു മുന്നോടിയായി 15.07.2019 ലെ സ.ഉ(പി)നം 87/2019/ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ / സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യ രംഗത്തെ വിദഗ്ധരെ കൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട്മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പദ്ധതി ആരംഭിക്കുന്നതിലെ കാലതാമസം എന്താണെന്നും ഏതൊക്കെ ഏജൻസികളാണ് പരിഗണനയിൽ ഉള്ളതെന്നും വിശദമാക്കാമോ; | മെഡിസെപ് പദ്ധതിയുടെ റീ-ടെൻഡറിനു മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ച് വരുന്നു. റീ-ടെൻഡർ ചെയ്യുന്ന സമയത്ത് IRDAI നിബന്ധനകളുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി സുതാര്യമായ ഇ-ടെൻഡർ മുഖേന മാത്രമാണ് ഇൻഷ്വറൻസ് ഏജൻസികളെ തെരഞ്ഞെടുക്കുന്നത്. |
| (സി) | സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | 30 ലക്ഷത്തോളം ഗുണഭോക്താക്കളെ ഉൾക്കൊള്ളുന്ന ധനകാര്യ വകുപ്പിന്റെ പ്രോജക്ടാണ് സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കുമായുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി (മെഡിസെപ്പ്). സംസ്ഥാന സർക്കാർ ജീവനക്കാർക്കായി സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന മറ്റു ലൈഫ് ഇൻഷ്വറൻസ് സ്കീമുകളുമായി (എസ്.എൽ.ഐ, ജിഐഎസ്, ജിപിഎഐഎസ് മുതലായവ) താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യ ഇൻഷ്വറൻസ് സ്കീമുകൾ വളരെ സങ്കീർണമാണ്. ആരോഗ്യ ഇൻഷ്വറൻസ് സ്കീം നടത്തിപ്പിലെ സങ്കീർണതകൾ കണക്കിലെടുക്കുമ്പോൾ നിർദ്ദിഷ്ട സ്കീം നിലവിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്നത് പ്രായോഗികമല്ല. |

**സെക്ഷൻ ഓഫീസർ**